**മധുരമായ കുട്ടികളെ- നിങ്ങളിപ്പോൾ ശാന്തിധാമം, സുഖധാമത്തിലേയ്ക്ക് പോകുന്ന തിന് വേണ്ടി ഈശ്വരീയ ധാമത്തിലിരിക്കുകയാണ്, ഇത് സത്യമായ സംഗമാണ്, ഇവിടെ നിങ്ങൾ പുരുഷോത്തമരായി മാറികൊണ്ടിരിക്കുകയാണ്.**

**ചോദ്യം –** നിങ്ങൾ ബാബയെക്കാളും ഉയർന്നവരാണ്, താഴെയല്ല – എങ്ങനെ?
**ഉത്തരം –** ബാബ പറയുന്നു – കുട്ടികളെ, ഞാൻ വിശ്വത്തിന്റെ അധികാരിയാവുന്നില്ല, നിങ്ങളെ വിശ്വ ത്തിന്റെ അധികാരിയാക്കി മാറ്റുകയാണ് അതിനാൽ ബ്രഹ്മാണ്ഡത്തിന്റെയും അധികാരിയാക്കി മാറ്റുന്നു. ഞാൻ ഉയർന്നതിലും ഉയർന്ന ബാബ നിങ്ങൾ കുട്ടികളെ നമസ്ക്കരിക്കുന്നു, അതിനാൽ നിങ്ങൾ എന്നെ ക്കാൾ ഉയർന്നവരാണ്, ഞാൻ നിങ്ങൾ അധികാരികളെ അഭിവാദനം ചെയ്യുന്നു. പിന്നീട് നിങ്ങൾ ഇങ്ങനെയാക്കി മാറ്റുന്ന ബാബയെ അഭിവാദനം ചെയ്യുന്നു.

**ഓം ശാന്തി**. മധുര-മധുരമായ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം. ബാബാ നമസ്തേ, എന്ന് മറുപടി പോലും പറയുന്നില്ല, എന്തുകൊണ്ടെന്നാൽ കുട്ടികൾക്കറിയാം ബാബ നമ്മളെ ബ്രഹ്മാണ്ഡത്തിന്റെയും വിശ്വത്തിന്റെയും അധികാരിയാക്കി മാറ്റുന്നു. ബാബയാണെങ്കിൽ കേവലം ബ്രഹ്മാണ്ഡത്തിന്റെ അധികാ രിയാകുന്നു, വിശ്വത്തിന്റെ അധികാരിയാവുന്നില്ല. കുട്ടികളെ ബ്രഹ്മാണ്ഡത്തിന്റെയും വിശ്വത്തിന്റെയും അധികാരിയാക്കി മാറ്റുന്നു, അതിനാൽ പറയൂ വലുതാരാണ്? ഉയർന്നത് കുട്ടികൾ തന്നെയാകുമല്ലോ അതുകൊണ്ട് കുട്ടികൾ പിന്നീട് സലാം ചെയ്യുന്നു. ബാബാ അങ്ങ് തന്നെയാണ് ഞങ്ങളെ ബ്രഹ്മാണ്ഡ ത്തിന്റെയും വിശ്വത്തിന്റയും അധികാരിയാക്കി മാറ്റുന്നത് അതുകൊണ്ട് അങ്ങേയ്ക്ക് നമസ്ക്കാരം. മുസ്ലീം ങ്ങളും മാലേക്കും സലാം, സലാം മാലേക്കും എന്ന് പറയാറുണ്ടല്ലോ. നിങ്ങൾ കുട്ടികൾക്ക് ഈ സന്തോ ഷമുണ്ട്. ആർക്കാണോ നിശ്ചയമുള്ളത്, നിശ്ചയമില്ലാതെ ആർക്കും ഇവിടെ വരാൻ സാധിക്കില്ല. ഇവിടെ ആരാണോ വരുന്നത് അവർക്കറിയാം നമ്മൾ ഒരു മനുഷ്യ ഗുരുവിന്റെയടുത്തേക്കല്ല പോകുന്നത്. മനുഷ്യ പിതാവിന്റെയടുത്ത്, ടീച്ചറിന്റെയടുത്ത് അഥവാ മനുഷ്യ ഗുരുവിന്റെയടുത്തേക്കല്ല പോകുന്നത്. നിങ്ങൾ വരുന്നത് ആത്മീയ അച്ഛൻ, ആത്മീയ ടീച്ചർ, ആത്മീയ സദ്ഗുരുവിന്റെയടുത്തേക്കാണ്. ആ മനുഷ്യരാ ണെങ്കിൽ അനേകമുണ്ട്. ഇത് ഒന്നു മാത്രമാണ്. ഈ പരിചയം ആർക്കും തന്നെയുണ്ടായിരുന്നില്ല. ഭക്തി മാർഗ്ഗത്തിലെ ശാസ്ത്രങ്ങളിൽ പോലും രചയിതാവിനെയും രചനയേയും കുറിച്ച് ആർക്കും അറിയുകയി ല്ല. അറിയാത്തതു കാരണം, അവരെ അനാഥരെന്ന് പറയുന്നു. ആർക്കാണോ നല്ല വിദ്യാഭ്യാസമുള്ളത്, അവർക്ക് മനസ്സിലാക്കാൻ സാധിക്കും, നമ്മൾ എല്ലാ ആത്മാക്കളുടെയും അച്ഛൻ ഒരേയൊരു നിരാകാര നാണ്. ആ നിരാകാരൻ വന്ന് അച്ഛനും ടീച്ചറും സത്ഗുരുവുമായി മാറുന്നു. ഗീതയിൽ കൃഷ്ണന്റെ പേര് പ്രസിദ്ധമാണ്. ഗീത സർവ്വ ശാസ്ത്രങ്ങൾക്കും മാതാ ശിരോമണിയാണ്, ഏറ്റവും ഉത്തമത്തിലും ഉത്ത മമാണ്. ഗീതയെ തന്നെയാണ് മാതാ-പിതാവെന്ന് പറയപ്പെടുന്നത് വേറെ അനേക ശാസ്ത്രങ്ങളുണ്ട്, അതിനെയൊന്നും മാതാ-പിതാവെന്ന് പറയില്ല. ശ്രീമത് ഭഗവത് ഗീത മാതാവെന്ന് പാടപ്പെടുന്നു. ഭഗ വാന്റെ മുഖകമലത്തിൽ നിന്നും പുറത്തു വന്നതാണ് ഗീതാ ജ്ഞാനം. ബാബ ഉയർന്നതിലും ഉയർന്നതാ ണെങ്കിൽ തീർച്ചയായും ഉയർന്നതിലും ഉയർന്നതെന്ന് മഹിമ പാടുന്ന ഗീതയുടെ രചയിതാവുമാണ്. ബാക്കി എല്ലാ ശാസ്ത്രങ്ങളും അതിന്റെ ഇലകളാണ്, രചനകൾ. രചനയിൽ നിന്നും ഒരിക്കലും സമ്പത്ത് ലഭിക്കു വാൻ സാധിക്കില്ല. അഥവാ ലഭിക്കുകയാണെങ്കിലും അല്പകാലത്തേയ്ക്കാണ്. വേറെ അനേകം ശാസ്ത്ര ങ്ങളുണ്ട്, അതെല്ലാം പഠിക്കുന്നതിലൂടെ ഒരു ജന്മത്തേയ്ക്ക് അല്പ കാലത്തെ സുഖം ലഭിക്കുന്നു. അത് മനുഷ്യർ മനുഷ്യരെ പഠിപ്പിക്കുന്നതാണ്. പല പ്രകാരത്തിലുള്ള ഏതെല്ലാം പഠിപ്പുകളുണ്ടോ അതെല്ലാം അല്പകാലത്തേയ്ക്ക് വേണ്ടി മനുഷ്യർ, മനുഷ്യരെ പഠിപ്പിക്കുന്നതാണ്. അല്പകാലത്തെ സുഖം ലഭിച്ചു പിന്നീട് അടുത്ത ജന്മത്തിൽ അടുത്ത പഠിപ്പ് പഠിക്കേണ്ടി വരും. ഇവിടെയാണെങ്കിൽ ഒരേയൊരു നിരാക രനായ ബാബ 21 ജന്മത്തേയ്ക്ക് സമ്പത്ത് നൽകുന്നു. ഇത് ഒരു മനുഷ്യനും നൽകാൻ സാധിക്കില്ല. അവ രാണെങ്കിൽ അണാ പൈസയ്ക്ക് വിലയില്ലാത്തവരാക്കി മാറ്റുന്നു. ബാബ വിലയുള്ളവരാക്കി മാറ്റുന്നു. ഇപ്പോൾ ബാബയിരുന്ന് കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുകയാണ്. നിങ്ങളെല്ലാവരും ഈശ്വരന്റെ കുട്ടികളല്ലേ. സർവ്വവ്യാപിയെന്ന് പറയുന്നതിലൂടെ അർത്ഥമൊന്നും മനസ്സിലാക്കുന്നില്ല. എല്ലാത്തിലും പര മാത്മാവുണ്ടെങ്കിൽ പിന്നെ എല്ലാവരും അച്ഛന്മാരാകുന്നു. എല്ലാവരും അച്ഛനായെങ്കിൽ പിന്നെ സമ്പത്തെ വിടെ നിന്ന് ലഭിക്കും! ആരുടെ ദുഖം ആര് ഹരിക്കും! ബാബയെ തന്നെയാണ് ദുഖഹർത്താ, സുഖ കർത്താവെന്ന് പറയുന്നത്. എല്ലാവരം തന്നെ അച്ഛനെങ്കിൽ യാതൊരു അർത്ഥവുമില്ല. ബാബ മനസ്സി ലാക്കി തരുകയാണ്- ഇത് തന്നെയാണ് രാവണ രാജ്യം. ഇതും ഡ്രാമയിലടങ്ങിയിട്ടുള്ളതാണ് അതു കൊണ്ടാണ് ചിത്രങ്ങളിലും വ്യക്തമായി കാണിച്ചിരിക്കുന്നത്.

നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട് – നമ്മൾ പുരുഷോത്തമ സംഗമയുഗത്തിലാണ്. ബാബ പുരുഷോത്തമനാക്കുന്നതിന് വേണ്ടി വന്നിരിക്കുകയാണ്. എങ്ങനെയാണോ വക്കീലും, ഡോക്ടറുമാവാൻ പഠിക്കുന്നതിലൂടെ പദവി നേടാൻ സാധിക്കുന്നത്, ഈ പഠിപ്പിലൂടെ നമ്മൾ ഉന്നതായി മാറുമെന്ന് മനസ്സിലാക്കുന്നു. ഇവിടെ നിങ്ങൾ സത്യമായ സംഗത്തിലാണിരിക്കുന്നത്, ഇതിലൂടെ നിങ്ങൾ സുഖധാമത്തിലേക്ക് പോകുന്നു. സത്യമായ ധാമം രണ്ടെണ്ണമുണ്ട് – ഒന്ന് സുഖധാമം, രണ്ടാമത് ശാന്തിധാമം. ഇത് ഈശ്വരന്റെ ധാമമാണ്. ബാബ രചയിതാവാണല്ലോ. ആരാണോ ബാബയിലൂടെ മനസ്സിലാക്കി സമർത്ഥരായി മാറുന്നത് – അവരുടെ കർത്തവ്യമാണ് സേവനം ചെയ്യുക. ബാബ പറയുകയാണ് നിങ്ങളിപ്പോൾ മനസ്സിലാക്കി സമർത്ഥരായി മാറിയെങ്കിൽ ശിവന്റെ ക്ഷേത്രത്തിൽ പോയി മനസ്സിലാക്കി കൊടുക്കൂ, അവരോട് പറയൂ ഇതിന്മേൽ പലവിധത്തിലുള്ള ഫലം, പുഷ്പം, വെണ്ണ, നെയ്യ്, എരിക്കിൻ പൂവ്, റോസാപ്പൂവ് എന്നിവ അർപ്പിക്കുന്നതെന്തുകൊണ്ടാണ്? കൃഷ്ണന്റെ ക്ഷേത്രത്തിൽ എരിക്കിൻ പൂവ് അർപ്പിക്കുന്നില്ല. അവിടെ വളരെ നല്ല സുഗന്ധമുള്ള പൂക്കൾ കൊണ്ടു പോകുന്നു. ശിവന്റെ മുന്നിൽ എരിക്കിൻ പൂവും റോസാപുഷ്പവും അർപ്പിക്കുന്നു. അർത്ഥമൊന്നും ആർക്കും അറിയില്ല. ഈ സമയം നിങ്ങൾ കുട്ടികളെ ബാബ പഠിപ്പിക്കുകയാണ്, ഒരു മനുഷ്യനല്ല പഠിപ്പിക്കുന്നത്. മുഴുവൻ ലോകത്തിലും മനുഷ്യർ മനുഷ്യരെ പഠിപ്പിക്കുന്നു. നിങ്ങളെ ഭഗവാൻ പഠിപ്പിക്കുന്നു. ഒരു മനുഷ്യനെയും ഭഗവാനെന്ന് പറയുകയില്ല. ലക്ഷ്മീ നാരായണനും ഭഗവാനല്ല, അവരെ ദേവീ ദേവതയെന്നാണ് പറയുന്നത്. ബ്രഹ്മാ–വിഷ്ണു–ശങ്കരനെയും ദേവതയെന്ന് പറയും. ഭഗവാൻ ഒരേയൊരു ബാബ മാത്രമാണ്, ആ ബാബ എല്ലാ ആത്മാക്കളുടെയും അച്ഛനാണ്. എല്ലാവരും പറയുന്നുമുണ്ട്– അല്ലയോ പരംപിതാ പരമാത്മാവേ. ബാബയുടെ സത്യം സത്യമായ പേര് ശിവനെന്നാണ് നിങ്ങൾ കുട്ടികൾ സാളഗ്രാമങ്ങളും. പണ്ഡിതന്മാർ രുദ്രയജ്ഞം രചിക്കുമ്പോൾ ശിവന്റെ വലിയ ലിംഗമുണ്ടാക്കുന്നു ചെറിയ ചെറിയ സാളഗ്രാമങ്ങളും ഉണ്ടാക്കുന്നു. ആത്മാക്കളെയാണ് സാളഗ്രാമങ്ങളെന്ന് പറയുന്നത്. ശിവനെന്ന് പറയപ്പെടുന്നത് പരമാത്മാവിനെയാണ്. പരമാത്മാവ് എല്ലാവരുടെയും അച്ഛനാണ്, നമ്മളെല്ലാവരും സഹോദര–സഹോദരങ്ങളാണ്, പറയുന്നുമുണ്ട് ബ്രദർഹുഡ്. ബാബയുടെ കുട്ടികളായ നമ്മൾ സഹോദര–സഹോദരങ്ങളാണ്. പിന്നീടെങ്ങനെ സഹോദര – സഹോദരിയായി? പ്രജാപിതാ ബ്രഹ്മാവിന്റെ മുഖത്തിലൂടെ പ്രജകൾ രചിക്കപ്പെടുന്നു. അവർ ബ്രാഹ്മണ ബ്രാഹ്മണിമാരാണ്. നമ്മൾ പ്രജാപിതാ ബ്രഹ്മാവിന്റെ സന്താനങ്ങളാണ്, അതുകൊണ്ടാണ് ബി.കെ.യെന്ന് പറയപ്പെടുന്നത്. ശരി, ബ്രഹ്മാവിന് ആര് ജന്മം നൽകി? ഭഗവാൻ. ബ്രഹ്മാ, വിഷ്ണു, ശങ്കരൻ....... ഇതെല്ലാം രചനകളാണ്. സൂക്ഷ്മവതനത്തിന്റെയും രചനയുണ്ടാകുന്നു. ബ്രഹ്മാ മുഖകമലത്തിലൂടെ നിങ്ങൾ കുട്ടികൾ ജനിച്ചു. ബ്രാഹ്മണ– ബ്രാഹ്മണികളെന്ന് പറയപ്പെടുന്നു. നിങ്ങൾ ബ്രഹ്മാ മുഖ വംശാവലീ ദത്തെടുക്കപ്പെട്ടവരാണ്. പ്രജാപിതാ ബ്രഹ്മാവ് കുട്ടികൾക്കെങ്ങനെ ജന്മം നൽകും, തീർച്ചയായും ദത്തെടുക്കുകയാണ്. ഗുരുവിന്റെ ഫോളോവേഴ്സ് ദത്തെടുക്കപ്പെടുന്നു, അവരെ ശിഷ്യരെന്ന് പറയും. അതിനാൽ പ്രജാപിതാ ബ്രഹ്മാവ് മുഴുവൻ ലോകത്തിന്റെയും പിതാവായി. അദ്ദേഹത്തെ പറയുന്നു– ഗ്രേറ്റ്–ഗ്രേറ്റ് ഗ്രാന്റ് ഫാദർ. പ്രജാപിതാ ബ്രഹ്മാവ് ഇവിടെ വേണമല്ലോ. സൂക്ഷ്മവതനത്തിലും ബ്രഹ്മാവുണ്ട്. ബ്രഹ്മാ, വിഷ്ണു, ശങ്കരനെന്ന പേര് പാടുന്നുണ്ട് പക്ഷെ സൂക്ഷ്മവതനത്തിൽ പ്രജയൊന്നുമുണ്ടാകുന്നില്ല. പ്രജാപിതാ ബ്രഹ്മാവ് ആരാണ്, ഇതെല്ലാം ബാബയിരുന്ന് മനസ്സിലാക്കി തരുകയാണ്. ആ ബ്രാഹ്മണരും തങ്ങളെ ബ്രഹ്മാവിന്റെ സന്താനങ്ങളാണെന്ന് പറയാറുണ്ട്. ഇപ്പോൾ ബ്രഹ്മാവ് എവിടെയാണ്? ഇവിടെയിരിക്കുന്നുണ്ടെന്ന് നിങ്ങൾ പറയും, വന്ന് പോയിയെന്ന് അവർ പറയും. അവർ പിന്നെ തങ്ങളെ പൂജാരി ബ്രാഹ്മണരെന്ന് പറയുന്നു. ഇപ്പോൾ നിങ്ങൾ പ്രായോഗികമായി ആയിരിക്കുന്നു. പ്രജാപിതാ ബ്രഹ്മാവിന്റെ കുട്ടികൾ പരസ്പരം സഹോദരീ–സഹോദരന്മാരായി. ശിവബാബ ബ്രഹ്മാവിനെ ദത്തെടുത്തിരിക്കുകയാണ്. ഞാനീ വൃദ്ധ ശരീരത്തിൽ പ്രവേശിച്ച് നിങ്ങൾക്ക് രാജയോഗം പഠിപ്പിക്കുന്നുവെന്ന് പറയുന്നു. മനുഷ്യനെ ദേവതയാക്കി മാറ്റുക – ഇത് ഒരു മനുഷ്യന്റെയും ജോലിയല്ല. ബാബയെ തന്നെയാണ് രചയിതാവെന്ന് പറയുന്നത്. ശിവജയന്തിയും ആഘോഷിക്കുന്നുണ്ടെന്ന് ഭാരതവാസികൾക്കറിയാം. ശിവനാണ് അച്ഛൻ. മനുഷ്യർക്ക് ഇതുപോലും അറിയുകയില്ല ദേവീ ദേവതകൾക്ക് ഈ രാജ്യം ആര് നൽകി? സ്വർഗ്ഗത്തിന്റെ രചയിതാവ് പരമാത്മാവ് തന്നെയാണ്, ബാബയെ പതിത പാവനനെന്നും പറയുന്നു. യഥാർത്ഥത്തിൽ ആത്മാവ് പാവനമാകുന്നു, പിന്നീട് സതോ–രജോ–തമോയിലേയ്ക്ക് വരുന്നു. ഈ സമയം കലിയുഗത്തിൽ എല്ലാവരും തമോപ്രധാനമാണ്, സത്യയുഗത്തിൽ സതോപ്രധാനമായിരുന്നു, ഇന്നേയ്ക്ക് 5000 വർഷം മുമ്പ് ഈ ലക്ഷ്മീ നാരായണന്റെ രാജ്യമായിരുന്നു. 2500 വർഷം ദേവതകളുടെ പരമ്പരയായിരുന്നു. അവരുടെ കുട്ടികളും രാജ്യം ഭരിച്ചിട്ടുണ്ടല്ലോ. ലക്ഷ്മീ നാരായണൻ ദ ഫസ്റ്റ്, ദ സെക്കന്റ്, ഇങ്ങനെ പോകുന്നു. മനുഷ്യർക്ക് ഈ കാര്യങ്ങളെക്കുറിച്ചൊന്നും തന്നെ അറിയുകയില്ല. ഈ സമയം എല്ലാവരും തമോപ്രധാന, പതിതമാണ്. ഇവിടെ ഒരു മനുഷ്യൻ പോലും പാവനമായിരിക്കാൻ സാധിക്കില്ല. അല്ലയോ പതിത പാവനാ വരൂ എന്ന് എല്ലാവരും വിളിക്കുന്നു. അപ്പോൾ പതിത ലോകമായില്ലേ. ഇതിനെ തന്നെയാണ് കലിയുഗ നരകമെന്ന് പറയുന്നത്. പുതിയ ലോകത്തെ സ്വർഗ്ഗം, പാവനലോകമെന്ന് പറയുന്നു. പിന്നീടെങ്ങനെ പതിതമായി മാറി,

ഇതാർക്കും അറിയില്ല. ഭാരതത്തിൽ തന്റെ 84 ജന്മങ്ങളെക്കുറിച്ചറിയുന്ന ഒരു മനുഷ്യൻ പോലുമില്ല. മനുഷ്യൻ മാക്സിമം 84 ജന്മങ്ങളെടുക്കുന്നു, മിനിമം ഒരു ജന്മം.

ഭാരതത്തെ അവിനാശീ ഖണ്ഡമെന്ന് പറയപ്പെടുന്നു എന്തുകൊണ്ടെന്നാൽ ശിവബാബയുടെ അവതരണം ഇവിടെ തന്നെയാണുണ്ടാവുന്നത്. ഭാരത ഖണ്ഡം ഒരിക്കലും വിനാശമാകുക സാധ്യമല്ല. ബാക്കി ഏതെല്ലാം അനേക ഖണ്ഡങ്ങളുണ്ടോ അതെല്ലാം വിനാശമാകും. ഈ സമയം ആദിസനാതന ദേവീ ദേവതാ ധർമ്മം പ്രായ ലോപമായിരിക്കുന്നു. ഒരാളു പോലും സ്വയം ദേവതയെന്ന് പറയുകയില്ല കാരണം ദേവതകൾ പവിത്രമായിരുന്നു. ഇപ്പോൾ എല്ലാവരും പതിത പൂജാരിയായി മാറിയിരിക്കുന്നു. ഇതും ബാബയിരുന്ന് മനസ്സിലാക്കി തരുന്നു, ഭഗവാനുവാചയല്ലേ. ഭഗവാൻ എല്ലാവരുടെയും അച്ഛനാണ്, ആ ബാബ ഒരേയൊരു തവണയാണ് ഭാരതത്തിൽ വരുന്നത്. എപ്പോൾ വരുന്നു? പുരുഷോത്തമ സംഗമ യുഗത്തിൽ. ഈ സംഗമ യുഗത്തെ തന്നെയാണ് പുരുഷോത്തമമെന്ന് പറയുന്നത്. ഈ സംഗമയുഗം കലിയുഗത്തിൽ നിന്ന് സത്യയുഗം, പതിതത്തിൽ നിന്ന് പാവനമാകുന്നതിന്റെ യുഗമാണ്. കലിയുഗത്തിൽ പതിത മനുഷ്യർ ജീവിക്കുന്നു, സത്യയുഗത്തിൽ പാവന ദേവതകളും, അതുകൊണ്ടിതിനെ പുരുഷോത്തമ സംഗമയുഗമെന്ന് പറയുന്നു, ഈ സമയത്താണ് ബാബ വന്ന് പതിതത്തിൽ നിന്ന് പാവനമാക്കുന്നത്. നിങ്ങൾ മനുഷ്യനിൽ നിന്ന് ദേവത പുരുഷോത്തമനായി മാറുന്നതിന് വന്നിരിക്കുകയാണ്. നമ്മൾ ആത്മാക്കൾ നിർവ്വാണ ധാമത്തിൽ വസിക്കുന്നവരാണെന്ന് മനുഷ്യർക്കറിയുകയില്ല. അവിടെ നിന്ന് പാർട്ടഭിനയിക്കാൻ വരുന്നു. ഈ നാടകത്തിന്റെ ആയുസ്സ് 5000 വർഷമാണ്. നമ്മൾ ഈ പരിധിയില്ലാത്ത നാടകത്തിൽ പാർട്ടഭിനയിക്കുന്നു. ഈ എല്ലാ മനുഷ്യരും പാർട്ട്ധാരികളാണ്. ഈ ഡ്രാമയുടെ ചക്രം കറങ്ങികൊണ്ടിരിക്കുന്നു. ഒരിക്കലും അവസാനിക്കുന്നില്ല. ആദ്യമാദ്യം ഈ നാടകത്തിൽ ദേവീ ദേവതകൾ സത്യയുഗത്തിൽ പാർട്ടഭിനിയിക്കാൻ വരുന്നു. പിന്നീട് ത്രേതായിൽ ക്ഷത്രിയർ. ഈ നാടകത്തെയും അറിയണമല്ലോ. ഇത് മുള്ളുകളുടെ കാടാണ്. എല്ലാ മനുഷ്യരും ദുഖിതരാണ്. കലിയുഗത്തിന് ശേഷം വീണ്ടും സത്യയുഗം വരുന്നു. കലിയുഗത്തിൽ അനേകം മനുഷ്യരുണ്ട്, സത്യയുഗത്തിൽ എത്രയുണ്ടാകും? വളരെ കുറച്ച്. ആദീ സനാതന സൂര്യവംശീ ദേവീ ദേവതകളെ ഉണ്ടായിരിക്കൂ. ഈ പഴയ ലോകമിപ്പോൾ മാറുകയാണ്. മനുഷ്യ സൃഷ്ടിയിൽ നിന്നും പിന്നീട് ദേവതകളുടെ സൃഷ്ടിയുണ്ടാകും. ആദി സനാതന ദേവീ ദേവതാ ധർമ്മമായിരുന്നു. പക്ഷെ ഇപ്പോൾ സ്വയം ദേവതയെന്ന് പറയുകയില്ല. തന്റെ ധർമ്മത്തെ തന്നെ മറന്നു പോയി.ഭാരതവാസികൾ മാത്രമാണ് ഇങ്ങനെ സ്വന്തം ധർമ്മത്തെ മറന്നത്, ഹിന്ദുസ്ഥാനിൽ ജീവിക്കുന്നത് കാരണം ഹിന്ദു ധർമ്മമെന്ന് പറയുന്നു. ദേവതകൾ പാവനമായിരുന്നു, ഇപ്പോൾ പതിതമാണ് അതുകൊണ്ട് സ്വയത്തെ ദേവതയെന്ന് പറയാൻ സാധിക്കില്ല. ദേവതകളുടെ പൂജ ചെയ്തുകൊണ്ടിരിക്കുന്നു. സ്വയം പാപീ നീചനെന്ന് പറയുന്നു. ബാബയിപ്പോൾ മനസ്സിലാക്കി തരുകയാണ് നിങ്ങൾ തന്നെയാണ് പൂജ്യരായിരുന്നത് ഇപ്പോൾ നിങ്ങൾ പതിത പൂജാരിയായി മാറിയിരിക്കുകയാണ്. ഹം സോയുടെ അർത്ഥവും മനസ്സിലാക്കി തന്നു. അവർ പറയുന്നു ആത്മാവ് തന്നെയാണ് പരമാത്മാവ്. ഇത് തെറ്റായ അർത്ഥമാണ്, അസത്യമായ ശരീരം, അസത്യമായ മായ........ സത്യയുഗത്തിൽ ഇങ്ങനെ പറയില്ല. ബാബ സത്യഖണ്ഡത്തിന്റെ സ്ഥാപന ചെയ്യുന്നു, പിന്നീട് രാവണൻ അസത്യഖണ്ഡമാക്കി മാറ്റുന്നു. ഇതും ബാബ വന്ന് മനസ്സിലാക്കി തരുകയാണ്, ആത്മാവെന്താണ്, പരമാത്മാവെന്താണ്. ഇതു പോലും ആർക്കും അറിയില്ല. ബാബ പറയുകയാണ് നിങ്ങൾ ആത്മാവ് ബിന്ദുവാണ്, നിങ്ങളിൽ 84 ജന്മങ്ങളുടെ പാർട്ടടങ്ങിയിരിക്കുന്നു. നമ്മൾ ആത്മാവെങ്ങനെയാണ് – ഇതാർക്കും അറിയുകയില്ല. നമ്മൾ വക്കീലാണ്, ഇന്നയാളാണ്– ഇതറിയുന്നു, ബാക്കി ആത്മാവിനെ ഒരാൾ പോലും അറിയുന്നില്ല. ബാബ തന്നെയാണ് വന്ന് തിരിച്ചറിവ് നൽകുന്നത്. നിങ്ങളുടെ ആത്മാവിൽ 84 ജന്മങ്ങളുടെ അവിനാശീ പാർട്ട് അടങ്ങിയിരിക്കുന്നു, അതൊരിക്കലും വിനാശമാകാൻ സാധിക്കില്ല. ഈ ഭാരതം പൂക്കളുടെ പൂന്തോട്ടമായിരുന്നു. സുഖം തന്നെ സുഖമായിരുന്നു, ഇപ്പോൾ ദുഖം തന്നെ ദുഖമാണ്. ബാബ ഈ ജ്ഞാനം നൽകുന്നു.

നിങ്ങൾ കുട്ടികൾ ഇപ്പോൾ ബാബയിലൂടെ പുതിയ പുതിയ കാര്യങ്ങൾ കേൾക്കുകയാണ്. ഏറ്റവും പുതിയ കാര്യമാണ്– നിങ്ങൾക്ക് മനുഷ്യനിൽ നിന്ന് ദേവതയായി മാറണം. മനുഷ്യനിൽ നിന്ന് ദേവതയായി മാറുന്നതിനുള്ള പഠിപ്പ് ഒരു മനുഷ്യനുമല്ല പഠിപ്പിക്കുന്നത്, ഭഗവാനാണ് പഠിപ്പിക്കുന്നതെന്ന് നിങ്ങൾക്കറിയാം. ആ ഭഗവാനെ സർവ്വവ്യാപിയെന്ന് പറയുക ഇത് ഗ്ലാനി ചെയ്യലാണ്. ബാബയിപ്പോൾ മനസ്സിലാക്കി തരുകയാണ്– ഞാൻ ഓരോ 5000 വർഷങ്ങൾക്കു ശേഷവും വന്ന് ഭാരതത്തെ സ്വർഗ്ഗമാക്കി മാറ്റുന്നു. രാവണൻ നരകമാക്കി മാറ്റുന്നു. ഈ കാര്യങ്ങളൊന്നും ലോകത്തിൽ വേറെയാർക്കും അറിയുകയില്ല. ബാബ തന്നെയാണ് വന്ന് നിങ്ങളെ മനുഷ്യനിൽ നിന്ന് ദേവതയാക്കി മാറ്റുന്നത്. പാട്ടുമുണ്ട്– അഴുക്ക് വസ്ത്രങ്ങൾ വൃത്തിയാക്കുന്നു.........അവിടെ (സത്യയുഗത്തിൽ) വികാരമുണ്ടാകുന്നില്ല. അത് സമ്പൂർണ്ണ നിർവ്വികാരി ലോകമാണ്. ഇപ്പോൾ വികാരീ ലോകമാണ്. വിളിക്കുകയും ചെയ്യുന്നു – പതിത പാവനാ വരൂ.

നമ്മളെ രാവണൻ പതിതമാക്കി മാറ്റി പക്ഷെ എപ്പോഴാണ് രാവണൻ വന്നത്, എന്ത് സംഭവിച്ചു! രാവണൻ എത്ര പാപ്പരാക്കി മാറ്റിയിരിക്കുന്നു. 5000 വർഷം മുമ്പ് ഭാരതം വളരെ സമ്പന്നമായിരുന്നു. സ്വർണ്ണത്തിന്റെയും വജ്രത്തിന്റെയും വൈഡൂര്യത്തിന്റെയും കൊട്ടാരമായിരുന്നു. വളരെയധികം ധനമുണ്ടായിരുന്നു. ഇപ്പോൾ എന്തവസ്ഥയാണ്! ബാബയ്ക്കല്ലാതെ കിരീടധാരിയാക്കി മാറ്റാൻ വേറെയാർക്കും സാധിക്കില്ല. ശിവബാബ ഭാരതത്തെ സ്വർഗ്ഗമാക്കി മാറ്റുന്നുവെന്ന് ഇപ്പോൾ നിങ്ങൾ പറയുന്നു. ബാബ പറയുകയാണ് മരണം മുന്നിൽ നിൽക്കുകയാണ്. നിങ്ങൾ വാനപ്രസ്ഥികളാണ്. ഇപ്പോൾ തിരിച്ച് വീട്ടിലേയ്ക്ക് പോകണം അതുകൊണ്ട് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ, എന്നെ മാത്രം ഓർമ്മിക്കൂ അപ്പോൾ പാപം ഭസ്മമായി പോകും. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയകുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യമായ സാരം

1. നമ്മൾ ബ്രഹ്മാ മുഖ വംശാ വലീ ബ്രാഹ്മണരാണ്, സ്വയം ഭഗവാൻ നമ്മേ മനുഷ്യനിൽ നിന്ന് ദേവതയാക്കുന്നതിനുള്ള പഠിപ്പ് പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്, ഈ ലഹരിയിലും സന്തോഷത്തിലുമിരിക്കണം. പുരുഷോത്തമ സംഗമയുഗത്തിൽ പുരുഷോത്തമനായി മാറുന്നതിന്റെ പുരുഷാർത്ഥം ചെയ്യണം.

2. ഇപ്പോൾ നമ്മുടെ വാനപ്രസ്ഥ അവസ്ഥയാണ്, മരണം മുന്നിൽ നിൽക്കുകയാണ്, തിരിച്ച് വീട്ടിലേയ്ക്ക് പോകണം...... അതുകൊണ്ട് ബാബയുടെ ഓർമ്മയിൽ എല്ലാ പാപങ്ങളെയും ഭസ്മമാക്കണം.

### വരദാനം:– ജ്ഞാനമാകുന്ന താക്കോലിലൂടെ ഭാഗ്യത്തിന്റെ അഖണ്ഡ ഖജനാവ് പ്രാപ്തമാക്കുന്ന സമ്പന്നരായി ഭവിക്കട്ടെ.

സംഗമയുഗത്തിൽ സർവ്വ കുട്ടികൾക്കും ഭാഗ്യം ഉണ്ടാക്കുന്നതിനായി ജ്ഞാനമാകുന്ന താക്കോൽ കിട്ടിയിട്ടുണ്ട്. ഈ താക്കോൽ ഉപയോഗിച്ച് ആവശ്യാനുസരണം ഭാഗ്യത്തിന്റെ ഖജനാവ് പ്രാപ്തമാക്കണം. താക്കോൽ കിട്ടിയപ്പോൾ സമ്പന്നരായി മാറി. എത്രത്തോളം സമ്പന്നരാകുന്നുവോ അത്രയും സ്വതവേ സന്തോഷം ഉണ്ടാകും. സന്തോഷത്തിന്റെ വെള്ളച്ചാട്ടം അഖണ്ഡമായി അവിനാശിയായി പ്രവഹിച്ചുകൊണ്ടിരിക്കുന്നതായി അനുഭവപ്പെടും. അവർ സർവ്വ ഖജനാവുകളാൽ നിറഞ്ഞു സമ്പന്നരായി കാണപ്പെടും. അവരുടെയടുത്ത് ഒരു പ്രകാരത്തിലുള്ള അപ്രാപ്തിയും ഉണ്ടാകില്ല.

### സ്ലോഗൻ: ബാബയുമായി ബന്ധം ശരിയായി വയ്ക്കുകയാണെങ്കിൽ സർവ്വശക്തികളുടെയും കറണ്ട് കിട്ടികൊണ്ടിരിക്കും.

**അവ്യക്ത സൂചന:– ആത്മീയ റോയൽറ്റിയും പവിത്രതയുടെ വ്യക്തിത്വവും ധാരണ ചെയ്യൂ.**
എത്രത്തോളം പവിത്രത ഉണ്ടോ അത്രയും ബ്രാഹ്മണ ജീവിതത്തിന്റെ വ്യക്തിത്വം ഉണ്ടാകും, പവിത്രതയിൽ കുറവ് വന്നാൽ വ്യക്തിത്വവും കുറയും. പവിത്രതയുടെ വ്യക്തിത്വമാണ് സേവനത്തിൽ സഹജമായി സഫലത ഉണ്ടാക്കുന്നത് . ഏതെങ്കിലും വികാരത്തിന്റെ അംശമെങ്കിലും ബാക്കിയുണ്ടെങ്കിൽ മറ്റുള്ള കൂട്ടുകാരും തീർച്ചയായും അതിനോടൊപ്പം വരും. പവിത്രയ്ക്ക് സുഖവും ശാന്തിയുമായി ആഴമേറിയ ബന്ധം ഉള്ളത് പോലെ അപവിത്രതയ്ക്കും അഞ്ച് വികാരങ്ങളുമായി ആഴത്തിൽ ബന്ധം ഉണ്ട്. അതിനാൽ ഒരു വികാരത്തിന്റെയും അംശം പോലും ബാക്കി ഉണ്ടാകരുത് അപ്പോൾ പവിത്രതയുടെ വ്യക്തിത്വത്തിലൂടെ സേവനം ചെയ്യുന്നവർ എന്ന് പറയാം.